## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1349** — **21.03.2012 ലെ മറുപടിക്ക്**

### എൻഡോസൾഫാൻ ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |

എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുവാൻ നടപടികൾ തുടങ്ങിയിട്ടുണ്ടോ;

എ) ഇതിലേക്ക് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ബി) സഹകരണ ബാങ്കുകളിൽ നിന്ന് എൻഡോസൾഫാൻ ദുരിതബാധിതർ എടുത്ത വായ്പകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

ബി) കാസർഗോഡ് ജില്ലയിലെ സഹകരണ ബാങ്കുകളിൽ നിന്നും എൻഡോസൾഫാൻ ദുരിതബാധിതർ എടുത്ത വായ്പകളുടെ 30.11.2011-ലെ മുതൽ ബാക്കി നിൽപ്പ് തുക ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| പ്രാഥമിക കാർഷിക സഹകരണ സംഘം | 11.26 |
| പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ | 1.29 |
| ജില്ലാ സഹകരണ ബാങ്ക് | 0.47 |
| **ആകെ** | 13.02 |

സി) തീർത്തും അർഹരായവരുടെ വായ്പ എഴുതിത്തള്ളുകയാണെങ്കിൽ സർക്കാരിനു വരുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

സി) തീർത്തും അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചതിനുശേഷമേ സാമ്പത്തിക ബാദ്ധ്യത കണക്കാക്കുവാൻ കഴിയുകയുള്ളൂ. നിലവിൽ 13.02 കോടി രൂപ മുതൽ ബാക്കി നിൽപ്പുണ്ട്.

ഡി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഡി) വായ്പകളുടെ തിരിച്ചടവിന് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ